# അന്തിക്കാട് ഗ്രാമപഞ്ചായത്ത്കാര്യാലയം

പി.ഒ.അന്തിക്കാട്, പിൻ:680641, തൃശ്ശൂർജില്ല. ഫോൺ: 0487-2630219
Email- anthikadgramapanchayath@gmail.com

NO-2088468-2026 തീയതി: 10/11/2026

## പുനർലേല പരസ്യം

അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന ഇനങ്ങൾ 2026 നവംബർ 19ാം തിയ്യതി പഞ്ചായത്ത് സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പഞ്ചായത്ത് ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്. ഏറ്റവും കൂടിയ നിരക്കിൽ ലേലം കൊള്ളുന്ന വ്യക്തിയുടെ പേരിൽ താൽക്കാലികമായി ലേലം ഉറപ്പിക്കുന്നതും ടിയാൻ അന്നേദിവസം 3 മണിക്കകം ലേല തുകയും 18% GST യും സഹിതം ഗ്രാമപഞ്ചായത്ത് ഓഫീസിൽ അടവാക്കേണ്ടതാണ്.

### ലേലം സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പർ | ഇനം | നിരതദ്രവ്യം | ലേല തിയ്യതി | സമയം | ലേല സ്ഥലം |
|---|---|---|---|---|---|
| 1 | അന്തിക്കാട് കോൾപടവിലെ മോട്ടോർ ഷെഡ് (കെട്ടിട ഭാഗങ്ങൾ മാത്രം) | 200/- രൂപ | 19/11/2026 | 11.00 AM | അന്തിക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസ് |
| 2 | **അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ മാങ്ങാട്ടുകര സ്കൂൾറോഡ് നിർമിക്കുന്നതിനായി പൊളിച്ചുമാറ്റിയ സ്ലാബുകളും,കല്ലു കെട്ടുകളും** | 200/- രൂപ | 19/11/2026 | 11.15 AM | അന്തിക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസ് |
| 3 | വാർഡ്10ലെ അംങ്കണവാടി മെയിന്റനൻസിനായി പൊളിച്ചുനീക്കിയ വാതിൽ | 200/- രൂപ | 19/11/2026 | 11.30 AM | അന്തിക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസ് |
| 4 | പടിയം വില്ലേജ് ഓഫീസ് സമീപത്തുള്ള പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെട്ട സ്ഥലത്ത് സ്ഥിതിചെയ്തിരുന്ന മുറിച്ചു നീക്കിയ തെങ്ങ് | 100/- | 19/11/2026 | 11.45 AM | അന്തിക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസ് |

### നിബന്ധനകൾ

1 ലേലത്തിൽ / ക്വട്ടേഷനിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ ലേലസമയത്തിന് മുൻപായി **200** രൂപ നിരതദ്രവ്യം കെട്ടി വക്കേണ്ടതാണ് .ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം കൊള്ളുന്ന ആളുടെ പേരിൽ ലേലം താല്ക്കാലികമായി ഉറപ്പിക്കുന്നതും ലേല

സംഖ്യ മുഴുവനും അപ്പോൾത്തന്നെ അടവാക്കേണ്ടതുമാണ് .പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് അറിവ് ലഭിച്ചാൽ 7 ദിവസത്തിനകം 200/- രൂപയുടെ മുദ്രപത്രത്തിൽ നിർദ്ദേശാനുസരണം കരാർ എഴുതി ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്.

2 പരസ്യ ലേലത്തിനൊപ്പം കൊട്ടേഷൻ സമർപ്പിക്കാവുന്നതാണ്

3 നിശ്ചിത സമയത്തിനകം ലേല സംഖ്യ അടച്ച് കരാർ സമർപ്പിക്കാത്ത പക്ഷം ലേലം റദ്ദ് ചെയ്യുന്നതും ആദ്യ ലേലക്കാരന്റെ നഷ്ട്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തുന്നതുമായിരിക്കും .ആയതു മൂലം പഞ്ചായത്തിനു വരുന്ന സകല നഷ്ടങ്ങൾക്കും ആദ്യ ലേലക്കാരൻ ഉത്തരവാദി ആയിരിക്കുന്നതാണ്.

4 എന്തെങ്കിലും കാരണവശാൽ ലേല ദിവസം അവധിയായാൽ അടുത്ത പ്രവർത്തിദിവസം ലേലം നടത്തുന്നതാണ് .ലേലം നിർത്തിവക്കുന്നതിനോ നീട്ടി വക്കുന്നതിനോ പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്

5 പഞ്ചായത്തിൽ ലേല, നികുതി കുടിശ്ശിക ഉള്ളവർക്ക് ലേലത്തിൽ പങ്കുകൊള്ളുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. ലേല സംഖ്യ അടച്ച് കരാർ ഒപ്പിട്ട് സമർപ്പിച്ചാൽ മാത്രമേ ലേല വസ്തുവിൽ അവകാശം ലഭിക്കുകയുള്ളൂ

6 ലേലം/ ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി 15 ദിവസത്തിനുള്ളിൽ സ്വന്തം ഉത്തരവാദിത്വത്തിൽ ലേലം കൊണ്ട വസ്തുക്കൾ കൊണ്ടു പോകേണ്ടതാണ്

ലേലം സംബന്ധിച്ച മറ്റ് വിവരങ്ങൾക്ക് പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

സെക്രട്ടറി
അന്തിക്കാട് ഗ്രാമപഞ്ചായത്ത്

BENNY VADAKKAN
SECRETARY
ANTHIKAD GRAMA PANCHAYATH
P.O. ANTHIKAD, THRISSUR
9496046105

Copy to:

വില്ലേജ് ഓഫീസ് അന്തിക്കാട്
കൃഷി ഓഫീസ് അന്തിക്കാട്
ഗ്രാമപഞ്ചായത്ത് ഓഫീസ് അന്തിക്കാട്
വില്ലേജ് ഓഫീസ് പടിയം
സി എച്ച് സി അന്തിക്കാട്
അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്